# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 8**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

## 2019 ഒക്ടോബർ : അസാധാരണ പ്രേഷിതമാസം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദീകരേ, സഹോദരീസഹോദരന്മാരേ,

2019 സെപ്റ്റംബർ 21-ാം തീയതി ശനിയാഴ്ച സ്റ്റോക്ക് ഓൺ ട്രന്റിൽ വച്ച് നടത്തപ്പെട്ട മതബോധന പ്രഥമാധ്യാപകരുടെ ഒരു സുപ്രധാന സമ്മേളനത്തിൽ ഓരോരുത്തരും പങ്കുവെച്ച സന്ദേശമിതായിരുന്നു. "എന്നെ സംബന്ധിച്ചടത്തോളം കുട്ടികളുടെ വിശ്വാസപരിശീലനം ദൈവം എന്നെ ഏല്പിച്ച ദൗത്യമാണ്". ഇത് മനസ്സിൽ സൂക്ഷിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ച അസാധാരണ മിഷൻ മാസത്തിന്റെ സവിശേഷതയെ സംബന്ധിക്കുന്ന വിചിന്തനങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാലയിൽ മിശിഹാ രഹസ്യത്തെ നമ്മൾ പ്രത്യേകമാം വിധം ധ്യാനിക്കുന്ന മാസമാണ് ഒക്ടോബർ. പരിശുദ്ധ അമ്മ പ്രേഷിതറാണിയാണ്. 'ഇതാ അങ്ങയുടെ ഇഷ്ടം നിറവേറ്റാൻ ഞാൻ വന്നിരിക്കുന്നു'. (ഹെബ്രാ 10:9) എന്നരുൾചെയ്ത ഈശോയും 'ഇതാ കർത്താവിന്റെ ദാസി അങ്ങയുടെ ഇഷ്ടം എന്നിൽ നിറവേറട്ടെ' (ലൂക്കാ 1:38) എന്ന് പറഞ്ഞ പരിശുദ്ധ അമ്മയും, 'ഇതാ ഞാൻ എന്നെ അയച്ചാലും' എന്ന് ദൈവത്തിന്റെ വിളിക്കു പ്രത്യുത്തരം നൽകിയ പ്രവാചകരും എല്ലാം, പ്രേഷിതദൗത്യത്തിൽ നമ്മുടെ മാതൃകകളാണ്.

തങ്ങളുടെ ജീവിതത്തിന്റെ ദൗത്യം നിരന്തരമായ പ്രാർത്ഥനയിലൂടെ തിരിച്ചറിഞ്ഞ് ആ ദൗത്യനിർവഹണത്തിനായി തീക്ഷണതാപൂർവ്വം ജീവിതം സമർപ്പിച്ച മഹാവിശുദ്ധരുടെ അനുകരണീയമായ മാതൃകയും ഈ ഒക്ടോബർ മാസത്തിൽ നമുക്കുണ്ട്. എന്റെ ദൈവവിളി ഞാൻ തിരിച്ചറിഞ്ഞു, അത് സ്നേഹമാണ്, തിരുസഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും എന്ന് ഉദ്ഘോഷിച്ച അഖില ലോക മിഷൻ മധ്യസ്ഥയായ ലിസ്യൂവിലെ വിശുദ്ധ കൊച്ചുത്രേസ്യാ (ഒക്ടോബർ 1), സുവിശേഷത്തിന്റെ ആനന്ദം എല്ലാവരോടും പ്രഘോഷിച്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ് (ഒക്ടോബർ 4), ദൈവകരുണയുടെ സന്ദേശം ലോകത്തിനു വെളിപ്പെടുത്താൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ഫൗസ്റ്റീന (ഒക്ടോബർ 5), ആധുനിക ലോകത്തിന്റെ സുവിശേഷീകരണത്തിന് പുതുവഴികൾ കണ്ടെത്തിയ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയ വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ (ഒക്ടോബർ 11), ആത്മീയ ജീവിതത്തിന്റെ അത്യഗാധ രഹസ്യങ്ങളെ കുറിച്ച് പഠിപ്പിച്ച ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യാ (ഒക്ടോബർ 15), സുവിശേഷത്തിന്റെ വിമോചനസന്ദേശം അടിമത്തത്തിലും ദാരിദ്ര്യത്തിലും കഴിഞ്ഞവർക്കു നൽകുവാൻ വേണ്ടി അവരിലൊരുവനായി

ത്തീർന്ന വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ (ഒക്ടോബർ 16), രക്തസാക്ഷിത്വം വരിക്കാനുള്ള അന്ത്യയാത്രയിലും ഉജ്ജ്വലമായ പ്രബോധനം കൊണ്ട് തന്റെ അജഗണങ്ങളെ ധൈര്യപ്പെടുത്തിയ അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് (ഒക്ടോബർ 17), ഭിഷഗ്വരന്റെ സൂക്ഷ്മതയോടും ചിത്രകാരന്റെ രചനാവൈഭവത്തോടും കൂടെ വചനത്തെ ദൈവഭക്തർക്ക് വെളിപ്പെടുത്തിയ വിശുദ്ധ ലൂക്കാ സുവിശേഷകൻ (ഒക്ടോബർ 18), ആധുനിക കാലത്ത് ലോകം ഈശോ മിശിഹായെ ഏറ്റവും കൂടുതൽ അന്വേഷിക്കണമെന്ന് പ്രഖ്യാപിച്ച വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ (ഒക്ടോബർ 22) എന്നിവരെല്ലാം പ്രേഷിത ചൈതന്യത്തിന്റെ വൈവിധ്യമാർന്ന മുഖങ്ങളാണ്. ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ പ്രകാശം കൊണ്ട് നിറഞ്ഞ ഈ പുണ്യചരിതരുടെ ഗണത്തിലേക്ക് 2019 ഒക്ടോബർ 13 -ാം തീയതി വാഴ്ത്തപ്പെട്ടവരായ മറിയം ത്രേസ്യായും കർദ്ദിനാൾ ജോൺ ഹെൻറി ന്യൂമാനും ഉയർത്തപ്പെടുന്നത് നമ്മുടെ രൂപതയ്ക്ക് അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും വേളയാണ്.

തങ്ങളുടെ ഹൃദയത്തിൽ വ്യക്തിപരമായി അനുഭവിച്ച വിളിയെ പ്രതികൂലസാഹചര്യങ്ങളിലും നിരന്തരം പിന്തുടരുന്നവർ മാത്രമാണ് വിശുദ്ധി പ്രാപിക്കുക എന്ന സത്യമാണ് വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെയും കാർഡിനൽ ന്യൂമാന്റെയും ജീവിതം പ്രഘോഷിക്കുന്നത്. തങ്ങൾക്കുമാത്രം ലോകത്തിൽ ചെയ്യാവുന്നതായ ഒരു ദൗത്യത്തെക്കുറിച്ചുള്ള നിരന്തരവും ശക്തവുമായ അവബോധം അവർക്കുണ്ടായിരുന്നു.

1876 ഏപ്രിൽ 26 ന് ജനിച്ച ചിറമേൽ ത്രേസ്യയെന്ന മറിയം ത്രേസ്യ, വിശ്വാസം പകർന്ന ഊർജ്ജത്തിൽ തന്റെ സാഹചര്യങ്ങളെ മറികടക്കുകയും വരും തലമുറകൾക്കുപോലും മാർഗദർശനം നൽകത്തക്കവിധം ദൈവകരങ്ങളിൽ ശക്തമായ ഉപകരണമാകുകയും ചെയ്തു. വേദനയുടെ അവസരങ്ങളിൽ തനിക്കു ആശ്വാസത്തിന്റെ ഉറവിടമായ തിരുക്കുടുംബത്തെ മുൻനിർത്തി താനുൾപ്പെട്ട സമൂഹത്തെ പുനരുദ്ധരിക്കാനുള്ള വിളി ത്രേസ്യ തിരിച്ചറിഞ്ഞു. ഒരു സന്യാസസഭയുടെ പിൻബലമില്ലാതെ മുപ്പത്തേഴു വയസുവരെ സ്വഭവനത്തിൽ താമസിച്ചുകൊണ്ട് മറിയം ത്രേസ്യ ചെയ്ത ശുശ്രൂഷകൾ അത്ഭുതാവഹമാണ്. അവളുടെ വിശുദ്ധിയുടെയും നന്മയുടെയും സത്യം ഗ്രഹിക്കാത്തവർക്കു അവൾ ഇടർച്ചയുടെ അടയാളമായിരുന്നു. കോളറ, വസൂരി മുതലായ മാരക സാംക്രമിക രോഗങ്ങൾ ബാധിച്ചവരെ പരിചരിക്കുന്നതിനു മറ്റാരും ധൈര്യപ്പെടാത്ത സാഹചര്യത്തിൽ രോഗികളിലും പരിത്യക്തരിലും ത്രേസ്യ ഈശോയെ കണ്ടു.

സഹനങ്ങളും കുറവുകളും നിറഞ്ഞ ചുറ്റുപാടികളിൽ തന്നെ സംബന്ധിക്കുന്ന ദൈവഹിതത്തെക്കുറിച്ചുള്ള സൂചനകൾ അവിടുന്ന് നിക്ഷേപിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിയിട്ടെന്ന വണ്ണം സ്വകുടുംബത്തിന്റെ തകർച്ചയിൽ നിന്ന് കുടുംബ പ്രേഷിതത്വത്തിന്റെ വലിയ ഒരു ദൗത്യം മറിയം ത്രേസ്യാ ഏറ്റെടുത്തു. 1914-ൽ കുടുംബങ്ങളുടെ വിശുദ്ധീകരണം പ്രത്യേക സിദ്ധി (Charism) ആക്കി അവർ രൂപം കൊടുത്ത ഹോളി ഫാമിലി സന്യാസിനീ സമൂഹം ആ ചൈതന്യം സ്വീകരിച്ച് സഭയെയും സമൂഹത്തേയും കൂടുതൽ പ്രകാശപൂരിതമാക്കുന്നു.

1801 ൽ കത്തോലിക്കാ സഭ ബ്രിട്ടീഷ് സമൂഹത്തിന്റെ ഏറ്റവും നിസ്സാരവും പീഡിതവും നിന്ദിതവുമായ ന്യൂനപക്ഷമായിരിക്കുമ്പോൾ ജോൺ ന്യൂമാൻ ലണ്ടനിൽ ജനിച്ചു. ആംഗ്ലിക്കൻ ആത്മീയ ആഭിമുഖ്യങ്ങളെക്കാൾ കത്തോലിക്കാ സഭയ്ക്കെതിരെ നിഷേധാത്മക മനോഭാവങ്ങൾ നിറഞ്ഞ കുടുംബാന്തരീക്ഷത്തിലാണ് അദ്ദേഹം വളർന്നത്. എങ്കിലും പതിനഞ്ചാം വയസ്സിൽ താൻ സവിശേഷമായ രീതിയിൽ ദൈവശുശ്രൂഷ

യ്ക്കായി വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് ന്യൂമാൻ മനസിലാക്കി.

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ട്രിനിറ്റ് കോളേജിലെ വിദ്ധ്യാഭ്യാസത്തിനു ശേഷം 1824ൽ ന്യമാൻ ആംഗ്ലിക്കൻ പുരോഹിതനായി അഭിഷിക്തനായി. ആഴമേറിയ പ്രഭാഷണങ്ങളിലൂടെ ജനങ്ങളെ പ്രചോദിപ്പിച്ച ന്യൂമാൻ താമസിയാതെ ഓക്സ്ഫോർഡിലെ ദൈവശാസ്ത്രജ്ഞന്മാരുടെ നിലയിലേക്കുയർന്നു. സഭാപിതാക്കന്മാരുടെ കൃതികളെക്കുറിച്ചുള്ള വളരെ ഗൗരവമായ ഒരു പഠനം അക്കാലത്തെ ആംഗ്ലിക്കൻ സഭയുടെ അപൂർണ്ണതകൾ അദ്ദേഹത്തിനു വെളിപ്പെടുത്തി. ആദിമ സഭയുടെ ആത്മീയ സ്രോതസ്സിൽ നിന്ന് ചൈതന്യം സ്വീകരിക്കുവാനുള്ള ആഹ്വാനവുമായി 1830 കളിൽ മുന്നോട്ട് വന്ന ഓക്സ്ഫോർഡ് പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായി ന്യൂമാൻ മാറി. 1833ൽ മെഡിറ്ററേനിയൻ പ്രദേശത്തു നിന്നുള്ള മടക്കയാത്രയിൽ ഗുരുതരമായ രോഗം പിടിപെട്ട് അദ്ദേഹം മരണാസന്നനായി. ആ ദിവസങ്ങളിൽ തന്നെ അദ്ദേഹത്തിന്റെ കപ്പൽ പ്രതികൂല കാലാവസ്ഥമൂലം മുന്നോട്ടുപോകാനാവാതെ ഒറ്റപ്പെട്ട് നങ്കൂരമിട്ടുകിടക്കുകയും ചെയ്തു. ആത്മീയവും ഭൗതീകവുമായ വെളിച്ചത്തിനു വേണ്ടി തീവ്രമായി ആഗ്രഹിച്ചുകൊണ്ട് 'നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ' (Lead kindly) എന്ന മനോഹരഗീതം ന്യൂമാൻ രചിക്കുന്നത് ഈ അവസരത്തിലാണ്. രോഗവിമുക്തി നേടി ഇംഗ്ലണ്ടിൽ തിരിച്ചെത്തുമ്പോൾ ദൈവം തനിക്കായി ഒരു ദൗത്യം കരുതിയിട്ടുണ്ടെന്ന് ന്യൂമാൻ വിശ്വസിച്ചു. എളിമയോടും തുറവിയോടും കൂടെയുള്ള അദ്ദേഹത്തിന്റെ സത്യാന്വേഷണത്തിനൊടുവിൽ 1845-ൽ ഓക്സ്ഫാർഡിലെ അധ്യാപക ജോലിയും. ആംഗ്ലിക്കൻ സഭയിലെ ഉന്നത പദവികളും ഉപേക്ഷിച്ച് സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും കടുത്ത എതിർപ്പിനിടയിൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. റോമിലെ വാസക്കാലത്ത് പരിചയപ്പെട്ട വിശുദ്ധ ഫിലിപ്പ് നേരിയുടെ ശ്ലൈഹീക സമൂഹത്തെ മാതൃകയാക്കി ന്യൂമാൻ പ്രസിദ്ധമായ ബർമിംഹാം ഓററ്ററിക്ക് രൂപം കൊടുത്തു. ന്യൂമാന്റെ ജീവിത വിശുദ്ധിയും വിജ്ഞാനും മനസ്സിലാക്കി ലെയോ പതിമൂന്നാമൻ പാപ്പ 1879-ൽ അദ്ദേഹത്തെ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തി. കത്തോലിക്കാ വിദ്യാഭാസത്തിന്റെ ആധാരശിലകളെ നിർവചിച്ചുകൊള്ള അദ്ദേഹത്തിന്റെ ആൻ ഐഡിയ ഓഫ് എ യൂണിവേഴ്സിറ്റി, ഉന്നത വിധ്യാഭ്യാസ്ത്തെക്കുറിച്ചുള്ള ആഴമായ ഉൾക്കാഴ്ചകൾ പ്രാദാനം ചെയ്യുന്നു. 1890 ആഗസ്റ്റ് 11 ന് കർത്താവിൽ നിദ്ര പ്രാപിച്ച, പ്രതിഭയ്ക്കുമേൽ വിശുദ്ധിയുടെ ദിവ്യസ്പർശം നിറഞ്ഞ ന്യൂമാന്റെ കല്ലറയ്ക്കുമേലുള്ള ലിഖിതം തന്റെ ജീവിതത്തെ ശരിയായി അടയാളപ്പെടുത്തുന്നു. 'നിഴലുകളിൽനിന്നും പ്രതിരൂപങ്ങളിൽനിന്നും സത്യത്തിലേക്ക്'.

നമ്മുടെ രൂപതയിൽ നിന്നും വൈദീകരും അല്മായ സഹോദരങ്ങളും അടങ്ങിയ തീർത്ഥാടക സംഘം എന്നോടൊപ്പം റോമിലെ വിശുദ്ധപദപ്രഖ്യാപനത്തിൽ പങ്കെടുക്കുന്നുണ്ട്. അന്നേ ദിവസം വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്ന സ്ഥലങ്ങളിൽ സഭയിൽ വിശുദ്ധരെ ഉയർത്തുന്ന ദൈവത്തിന്റെ ഈ മഹാ ദാനത്തിന് നന്ദി പറയുവാനും അവരുടെ പുണ്യജീവിതത്തെക്കുറിച്ച് പഠിക്കുവാനും ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കുവാനും ശ്രദ്ധിക്കുമല്ലോ.

ദൈവപരിപാലനയാൽ അസാധാരണ പ്രഷിതമാസത്തിന്റെ ചൈതന്യത്തിന് യോജിച്ച രീതിയിലാണ് 2016 ഒക്ടോബർ ഒമ്പതാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ട നമ്മുടെ രൂപതയുടെ അജപാലന ശുശ്രൂഷകൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 2 വരെ റാംസ്ഗേറ്റ് ധ്യാനകേന്ദ്രത്തിൽ അദിലാബാദ് രൂപതാദ്ധ്യക്ഷൻ

മാർ പ്രിൻസ് പാണേങ്ങാടൻ പിതാവ് നവസുവിശേഷവത്കരണത്തിന്റെ പ്രേഷിതരാകുവാൻ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാംഗങ്ങളെ സജ്ജരാക്കേണ്ട നമ്മുടെ രൂപതയിലെ വൈദികർക്ക് പ്രേഷിത പരിശീലനം നൽകുന്നു. നമ്മുടെ രൂപതയുടെ മൂന്നാമത് ബൈബിൾ കൺവെൻഷൻ ഒക്ടോബർ 22 മുതൽ 30 വരെ എട്ടു നഗരങ്ങളിൽ വെച്ച് നടത്തപ്പെടുന്നു. കുട്ടികളിലേക്ക് സുവിശേഷ സന്ദേശം ആകർഷകമായി എത്തിക്കുന്ന ബൈബിൾ കലോത്സവത്തിന്റെ മേഖലാ മത്സരങ്ങൾ നടത്തപ്പെടുന്നതും ഒക്ടോബറിൽ തന്നെ. ഒക്ടോബർ മാസത്തിൽ ധാരാളം ജപമാലകൾ എല്ലാവരും ചൊല്ലണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് പരിശുദ്ധ ജപമാല രാജ്ഞിക്ക് നിങ്ങളെ ഓരോരുത്തരേയും പ്രതിഷ്ഠിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉ ായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 29/09/2019

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2019 ഒക്റ്റോബർ 28 ന് മുമ്പ് വായിക്കേ താണ്.